കൊച്ചിൻ ദേവസ്വം ബോർഡ്

ശ്രീപൂർണ്ണത്രയീശ ക്ഷേത്രം





സഹസ്രകലശം



2015 മെയ് 19 മുതൽ 28 വരെ

വാമം പാദം പ്രസാര്യ ശ്രിതദുരിതഹരം
ദക്ഷിണം കുഞ്ചയിത്വാ
ജാനുന്യാധായ വാമേതരമിതരഭുജം
ശേഷഭോഗേ നിധായ
പശ്ചാത് പാണിദ്വയേന പ്രതിഭടശമനേ
ശംഖചക്രേ ദധാനഃ
ദേവോ ഭൂഷാദിയുക്തഃ ത്രിദശപതിനുതഃ
പാതു പൂർണ്ണത്രയീശഃ

ശ്രീപൂർണ്ണത്രയീശ സേവാസംഘം

ഭക്തജനങ്ങളെ,

വൈകുണ്ഠനാഥൻ, യോഗനാരായണൻ, സന്താനഗോപാലമൂർത്തി എന്നീ വിവിധ ധ്യാനങ്ങളിൽ ആരാധിച്ചു വരുന്ന ശ്രീപൂർണ്ണത്രയീശൻ മൂന്നു വേദങ്ങളുടേയും മൂർത്തിമൽ ഭാവമായ യജ്ഞപുരുഷനാണ്. അനന്താസനത്തിൽ ഭൂമിദേവിയോടും ലക്ഷ്മീദേവിയോടും കൂടി ഇരുന്നരുളുന്ന ശ്രീ പൂർണ്ണത്രയീശൻ സർവ്വാഭീഷ്ടപ്രദനും ഇഹത്തിൽ സർവ്വ ഐശ്വര്യങ്ങളും പരത്തിൽ സായൂജ്യപദവിയും പ്രദാനം ചെയ്യുന്നു.

ശ്രീ പൂർണ്ണത്രയീശ ക്ഷേത്രത്തിൽ നൂറ്റാണ്ടുകൾക്കു ശേഷം നടക്കുന്ന സഹസ്രകലശത്തോടുകൂടിയ ദ്രവ്യകലശം നടത്തപ്പെടുകയാണ്. 2015 മെയ് 19 മുതൽ 28 വരെയുള്ള പത്തുദിവസങ്ങളിലാണ് ഈ മഹത് യജ്ഞം കൊണ്ടാടപ്പെടുന്നത്.

ശ്രീകോവിലിന്റെയും നമസ്കാര മണ്ഡപത്തിന്റെയും പുനരുദ്ധാരണം പൂർത്തീകരണത്തോടനുബന്ധിച്ച് നടത്തപ്പെടുന്ന ഈ മഹത്സംരംഭം മനുഷ്യായുസ്സിൽ ലഭിക്കുന്ന മഹാസുകൃതമാണ്.

മൂന്നു വേദങ്ങളുടേയും അധിപനായ പൂർണ്ണത്രയീശൻ ഋക്ക്, യജുസ്, സാമം എന്നീ വേദങ്ങൾ കൊണ്ടുള്ള മുറജപവും അർച്ചനയും എല്ലാ ദിവസങ്ങളിലും ഉണ്ടായിരിക്കും.

ഗായത്രീപരമോ മന്ത്ര: വേദങ്ങളിൽ ഏറ്റവും ഉൽകൃഷ്ടമായത് ഗായത്രി മന്ത്രമാണ്. ഇതിനെ വേദമാതാവായി കണക്കാക്കുന്നു. ന ഗായത്ര്യോപരം ജപ്യ: എന്ന് ഉപനിഷത്തുകൾ ഉദ്ഘോഷിക്കുന്ന ഗായത്രി മന്ത്രം കൊണ്ട് 96000 ഉരു ആജ്യാഹുതി ചെയ്യുന്ന സുകൃത് ഹോമവും ഇതിനോടനുബന്ധിച്ച് നടത്തുന്നുണ്ട്.

എല്ലാവിധ ഭക്തജനങ്ങൾക്കും ഈ മഹാജയജ്ഞത്തിൽ ഭാഗഭാക്കാകുവാൻ കഴിയുന്ന വിധത്തിലാണ് സഹസ്ര കലശത്തിന്റെ സംഭാവന നിരക്കുകൾ സംവിധാനം ചെയ്തിരിക്കുന്നത്.

വളരെ വിപുലമായ തോതിൽ നടത്തപ്പെടുന്ന സഹസ്രകലശവും അതിനോടനുബന്ധിച്ചുള്ള പൂജാദികർമ്മങ്ങൾക്കും കൂടി ഏതാണ്ട് 3.5 ലക്ഷത്തോളം രൂപയാണ് ചിലവ് പ്രതീക്ഷിക്കുന്നത്.

എല്ലാ ഭക്തജനങ്ങളും ഇതിൽ പങ്കാളികളാകണമെന്നും ഈ മഹത്യജ്ഞപുണ്യം എല്ലാ പൂർണ്ണത്രയീശ ഭക്തർക്കും പ്രാപ്തമാകണമേ എന്ന പ്രാർത്ഥനയോടുകൂടി ഭഗവാന്റെ പാദാരവിന്ദങ്ങളിൽ സാഷ്ടാംഗം പ്രണമിച്ചുകൊണ്ട്,

ശ്രീപൂർണ്ണത്രയീശ സേവാസംഘത്തിനുവേണ്ടി,

തൃപ്പൂണിത്തുറ
31-03-2015

ഇ. കെ. അജയകുമാർ
ദേവസ്വം ഓഫീസർ
തൃപ്പൂണിത്തുറ
ഫോൺ - 0484 2774007

വൈരേലിൽ ഇന്ദുചൂഡൻ
സെക്രട്ടറി

വഴിപാട് നിരക്കുകൾ

1. സഹസ്രകലശം

തന്ത്രവേദങ്ങളിലും ആഗമശാസ്ത്രങ്ങളിലും പ്രതിപാദിച്ചിരിക്കുന്ന പ്രകാരം വിശേഷാൽ ക്രിയകൾ ചെയ്ത് വിശുദ്ധി പ്രദാനം ചെയ്ത് ചൈതന്യ സമൃദ്ധിക്കുവേണ്ടി അതിവിശിഷ്ടമായ ദ്രവ്യങ്ങൾ സമന്വയിപ്പിച്ച് 1008 സഹസ്രകലശങ്ങൾ പൂജിച്ച് ശുഭമുഹൂർത്തത്തിൽ ശ്രീപൂർണ്ണത്രയീശന് അഭിഷേകം ചെയ്യുന്നു. ഇതോടു കൂടി ഭഗവത് ചൈതന്യം പരിപൂർണ്ണമായി ഭക്തജനങ്ങളെ അനുഗ്രഹിക്കുവാൻ പ്രാപ്തമാകുന്നു.

കലശകുടം 2500 രൂപ

(ആദ്യം സംഭാവന നൽകുന്ന 1008 പേർക്കു മാത്രം)

കലശാഭിഷേകത്തിനു ശേഷം ചെമ്പ് കലശകുടങ്ങൾ തീർത്ഥത്തോടുകൂടി സംഭാവന നൽകുന്നവർക്ക് നൽകുന്നതാണ്.

2. സുകൃതഹോമം

ഗായത്രി മന്ത്രം കൊണ്ട് 96000 ഉരു ആജ്യാഹുതി ചെയ്യുന്ന സുകൃതഹോമം 4 ദിവസങ്ങളിലായി നടത്തുന്നു.

സുകൃതഹോമം 500 ഉരു 1000 രൂപ

3. മുറജപം മൂന്നു വേദങ്ങൾ

51 അർച്ചന	50 രൂപ
101 അർച്ചന	100 രൂപ
201 അർച്ചന	200 രൂപ
501 അർച്ചന	500 രൂപ
1001 അർച്ചന	1000 രൂപ
2001 അർച്ചന	2000 രൂപ
3001 അർച്ചന	3000 രൂപ
5001 അർച്ചന	5000 രൂപ
വേദമുറ ഒന്നിന്	10000 രൂപ
വാരസദ്യക്ക്	1500 രൂപ

4. പ്രത്യേക സൂക്തങ്ങൾ

പുരുഷസൂക്തം (സൽസന്താനലാഭത്തിന്)	200 രൂപ
നാരായണ സൂക്തം (മോക്ഷപ്രദായകം)	200 രൂപ
വിവാഹസൂക്തം (അനുയോജ്യവിവാഹത്തിന്)	500 രൂപ
ഇഷ്ടസന്താനലബ്ധി സൂക്തം	200 രൂപ
സാരസ്വതമന്ത്രം (വിദ്യയ്ക്കു മൂകതാ നിവാരണത്തിന്)	300 രൂപ
ഭാഗ്യസൂക്തം (ഭാഗ്യലബ്ധി, ധനലബ്ധി)	200 രൂപ
ആയുസ്സൂക്തം (ദീർഘായുസ്സിന്)	200 രൂപ
മഹാസാമങ്ങൾ (സർവ്വൈശ്വര്യത്തിന്)	200 രൂപ
നേത്രനാശഹരസൂക്തം (നേത്രരോഗം ഇല്ലാതാക്കൽ)	200 രൂപ
ഐകമത്യ സൂക്തം (പരസ്പര ഐക്യത്തിന്)	200 രൂപ
ശ്രീസൂക്തം (ഐശ്വര്യത്തിന്)	200 രൂപ
5. നിറമാല വിളക്കുവെയ്പ്	7500 രൂപ
വലിയ ദീപസ്തംഭം	7500 രൂപ
ഒരു പാട്ട എണ്ണ	1000 രൂപ
വെളുപ്പിന് തിരുനട തുറക്കുന്നതുമുതൽ ശ്രീലകത്ത് വിളക്കുവെയ്പ്	1000 രൂപ

ഔവേശാഖമാസാചരണം

പ്രസിദ്ധ പണ്ഡിതന്മാർ നടത്തുന്ന പ്രഭാഷണ പരമ്പര

2015 ഏപ്രിൽ 19 മുതൽ മെയ് 18 വരെ

വൈകുന്നേരം 6.30ന്

ഏപ്രിൽ 19	ശങ്കരാചാര്യരുടെ മനീഷാപഞ്ചകം – **ഡോ. ലക്ഷ്മി ശങ്കർ**
20, 21, 22	വേദങ്ങളും ഭാരതീയ സംസ്കാരവും **പ്രൊഫ. തുറവൂർ വിശ്വംഭരൻ**
23	ബാലലീല – **ശ്രീ. സോമ വാരിയർ**
24, 25	ഋഷഭ-ഭരത ഉപദേശം – **ഗുരുവായൂർ ശ്രീ. മണിസ്വാമി**
26	നവയോഗീ സംവാദം – **ശ്രീ. ആലപ്പാട്ട് രാമചന്ദ്രൻ**
27	മാനവീകത ശ്രീമദ്ഭാഗവതത്തിൽ – **ശ്രീ. എം.ആർ.എസ്. മേനോൻ**
28, 29	കാപിലം – **ശ്രീ. സംഗമേശൻ തമ്പുരാൻ**
30	ഐളഗീഥ – **ശ്രീ. പുളിക്കപ്പറമ്പ് ദാമോദരൻ നമ്പൂതിരി**
മെയ് 1	രാജസൂയം – **ശ്രീ. കുറുവല്ലൂർ ഹരി നമ്പൂതിരി**
2	പ്രഹ്ളാദ ഭക്തി – **ശ്രീ. പുത്തില്ലത്ത് മധു നാരായണൻ നമ്പൂതിരി**
3 മുതൽ 10 വരെ	ഭാഗവതസപ്താഹം **ബ്രഹ്മശ്രീ. വെൺമണി കൃഷ്ണൻ നമ്പൂതിരി**
11 മുതൽ 17 വരെ	ശ്രീമദ് ഭഗവത്ഗീത (പ്രസക്ത ഭാഗങ്ങൾ) **ശ്രീ. എൽ. ഗിരീഷ്കുമാർ**
18	ഭാഗവതത്തിലെ ശ്രീകൃഷ്ണ സങ്കൽപം **ശ്രീ. ആർ. കെ. ദാമോദരൻ**



ബ്രഹ്മശ്രീ വെൺമണി കൃഷ്ണൻ നമ്പൂതിരിയുടെ നേതൃത്വത്തിൽ

ശ്രീമദ് ഭാഗവത സപ്താഹം

2015 മെയ് 3 മുതൽ 10 വരെ